
**വിഷലിപ്തമായിക്കഴിഞ്ഞ**
**കാസർഗോഡിന്റെ മണ്ണിനെ മാത്രമല്ല,**
**നഞ്ചിൽ മുങ്ങിക്കിടക്കുന്ന കേരളത്തെ**
**യൊട്ടാകെ വിഷവിമുക്തമാക്കാൻ**
**വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു**
**ഇ. ഉണ്ണികൃഷ്ണൻ**

# പക്ഷികൾ പാടുന്ന കാഞ്ഞിരനാടിനുവേണ്ടത്



**പയ്യന്നൂരിലെ** വെള്ളൂർ എന്ന ഗ്രാമത്തിൽ മുപ്പതുവർഷമായി പ്രവർത്തിക്കുന്ന സെൻട്രൽ ആർട്സ് ക്ലബ് അറിയപ്പെടുന്ന ഒരു ഗ്രാമീണകലാസമിതിയാണ്. പ്രശസ്തമായ നിരവധി നാടകാവതരണങ്ങളിലൂടെ വെള്ളൂരിനെ ഒരു നാടകഗ്രാമമാക്കിയത് സെൻട്രൽ ആർട്സും കൂടിയാണ്. എന്നാൽ ഈ വർഷം സെൻട്രൽ ആർട്സ് പുതിയ നാടകമൊന്നും പഠിച്ചില്ല. പകരം ക്ലബിലെ നൂറോളം വരുന്ന അംഗങ്ങൾ ഇക്കുറി മറ്റൊരു ദൗത്യമേറ്റെടുത്തു. രാസവളവും കീടനാശിനിയും ഒഴിവാക്കിക്കൊണ്ടുള്ള പച്ചക്കറിക്കൃഷി. കലാഭവൻമണി ഉദ്ഘാടനം നിർവഹിച്ച പച്ചക്കറികളുടെ ആദ്യ വിളവെടുപ്പ് ഉത്സവമായി. പച്ചക്കറി വിൽക്കാൻ ആഴ്ചച്ചന്തയും തുടങ്ങി.

എൻഡോസൾഫാൻ വിരുദ്ധസമരം കേരളത്തിനു നേടിക്കൊടുക്കേണ്ടിയിരുന്ന യഥാർത്ഥ പാരിസ്ഥിതികവിവേകം എന്താണെന്നാണ് വെള്ളൂരിൽ രൂപപ്പെട്ട ഈ കൃഷിക്കൂട്ടായ്മ വ്യക്തമാക്കുന്നത്. കാൽനൂറ്റാണ്ടുമുമ്പുവരെ കേരളത്തിലെ ഓരോ വീട്ടുപറമ്പിലും നിലനിന്നിരുന്ന ഒരു പ്രകൃതിവ്യവസ്ഥ; മകരക്കൊയ്ത്തുകഴിഞ്ഞ പാടങ്ങളിൽ കുടുംബാഗങ്ങളെല്ലാം ചേർന്നുനടത്തിയിരുന്ന കൃഷിയെന്ന സാംസ്ക്കാരികപ്രവർത്തനം ആണ് ഇവിടെ വീണ്ടെടുക്കപ്പെട്ടത്. പരിസ്ഥിതി പുനഃസ്ഥാപനത്തോടൊപ്പം പ്രകൃതിയോട് കണ്ണിചേർന്നു പ്രവർത്തിച്ചിരുന്ന ഒരു ആഹ്ലാദാവസരം കൂടി വീണ്ടെടുക്കാൻ, കൾച്ചറും അഗ്രിക്കൾച്ചറും രണ്ടല്ലെന്നു വ്യക്തമാക്കാൻ സെൻട്രൽ ക്ലബിനു കഴിഞ്ഞു. ഇത്തരത്തിലുള്ള തിരിച്ചറിവുകൾ കേരളത്തിലെമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നതാണ് എൻഡോസൾഫാൻ വിരുദ്ധസമരത്തിന്റെ വലിയ സംഭാവന. എൻഡോസൾഫാൻ എന്ന സംജ്ഞാനാമത്തെ കീടനാശിനികളെന്ന സാമാന്യനാമമായി പരിവർത്തനം ചെയ്തുമാത്രമേ ഇനിയങ്ങോട്ട് നല്ല ഭൂമിയെക്കുറിച്ചുള്ള പ്രതീക്ഷകളെ മുന്നോട്ട് കൊണ്ടുപോകാനാകൂ.

ജനീവസമ്മേളനത്തിൽ എൻഡോസൾഫാൻ ആഗോളവ്യാപകമായി നിരോധിക്കാൻ തീരുമാനമായി. ഡി.വൈ.എഫ്. ഐ.യുടെ കേസിൽ രണ്ടുമാസത്തേക്ക് എൻഡോസൾഫാൻ നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതിയുടെ ഉത്തരവും നിലനില്ക്കുന്നു. മാരകകീടനാശിനികൾക്ക് നിരോധനമേർപ്പെടുത്തിക്കൊണ്ട് ജൈവകാർഷികനയം നടപ്പിലാക്കാനുള്ള ആദ്യ നടപടികൾക്ക് തുടക്കം കുറിച്ചുകൊണ്ടാണ് എൽ.ഡി.എഫ് സർക്കാർ പടിയിറങ്ങുന്നത്. മെയ് 7ന് കൃഷിവകുപ്പ് പുറത്തിറക്കിയ ഉത്തരവുപ്രകാരം ചുവപ്പ് – മഞ്ഞ അടയാളമുള്ള കീടനാശിനികൾ സംസ്ഥാനത്തൊട്ടാകെ നിരോധിച്ചിരിക്കുകയാണ്. ചുവപ്പ് ലേബലിലുള്ള കാർബോഫ്യൂറാൻ, ഫോറേറ്റ്, മീഥൈൽ പാരാഥിയോൺ, മോണോക്രോട്ടോഫോസ്, മീഥൈൽ ഡമെ

ട്ടോൺ എന്നിവയും മഞ്ഞലേബലുള്ള ട്രയാസോഫോസ്, പ്രിഫനോഫോസ്, അട്രാസിൻ എന്നീ കീടനാശിനികളും അനിലോഫോസ്, പാരക്വിറ്റ്, തയോബെൻകാർബ്, എന്നീ കളനാശിനികളും എഡിഫൻഫോസ്, ട്രയ്സൈലാസോൾ, ഓക്സിതൈ ക്വിനോക്സ് എന്നീ കുമിൾനാശിനികളും നിരോധനപ്പട്ടികയിലുണ്ട്.

സംസ്ഥാനം നടപ്പിലാക്കുന്ന നിരോധനത്തിന് അറുപത് ദിവസത്തിലേറെ ആയുസ്സില്ല. കേന്ദ്രത്തിനുമേൽ ചെലുത്താവുന്ന സമ്മർദത്തിലൂടെ എൻഡോസൾഫാൻ നിരോധനം വേഗത്തിലാക്കുവാനും മാരകകീടനാശിനികളെ നിയന്ത്രിക്കാനും കേരളത്തിലെ പുതിയ സർക്കാറിന് എത്രമാത്രം ഇച്ഛാശക്തിയുണ്ടെന്നതിനെ ആശ്രയിച്ചായിരിക്കും വിഷവിമുക്തകേരളത്തിന്റെ ഭാവി.

കേരളത്തിൽ വാഴക്കൃഷിക്കും പച്ചക്കറിക്കും വ്യാപകമായി ഉപയോഗിക്കുന്നത് ഫോറേറ്റ് കുടുംബത്തിലെ തിമറ്റ് പോലുള്ള കൊടുംവിഷങ്ങളും കാർബാമേറ്റ് കുടുംബത്തിലെ ഫ്യൂറഡാൻ എന്ന കച്ചവടനാമത്തിൽ അറിയപ്പെടുന്ന കാർബോഫ്യൂറാനും ഇതേ കുടുംബത്തിലെ തന്നെ കാർബാറിലും ആണ്. കാർബാറിൽ ആണ് സെവീൻ എന്നറിയപ്പെടുന്നത്. കുപ്രസിദ്ധിനേടിയ അർബുദകാരിയാണ് സെവീൻ എന്ന കാർബാറിൽ. യുകെ, ഡെൻമാർക്ക്,സ്വീഡൻ, ജർമനി,അംഗോള തുടങ്ങിയ രാജ്യങ്ങളിൽ കാർബാറിൽ നിരോധിച്ചിരിക്കുന്നു. യുഎസ്പരിസ്ഥിതി സംരക്ഷണഏജൻസി മധ്യമ - ഉച്ചസ്ഥായീവിഷമായി കണക്കുകൂട്ടുന്ന ഈ രാസദ്രവ്യം തന്നെയാണ് സെവിഡോൾ, സെവിമോൾ തുടങ്ങിയ കച്ചവടനാമങ്ങളിൽ വിൽക്കപ്പെടുന്നത്. സംസ്ഥാനത്തൊട്ടാകെ മാരകകീടനാശിനികൾ നിരോധിച്ചുകൊണ്ടുള്ള കേരളസർക്കാർ ഉത്തരവിനെ സംബന്ധിച്ച പത്രവാർത്തകളിൽ നീല ലേബൽകീടനാശിനിയായ ഇവയും നിരോധിച്ചതായി കാണുന്നു. തെങ്ങിലെ മണ്ഡരീരോഗത്തിന് കാർഷികയൂനിവേഴ്സിറ്റി മുമ്പ് ശുപാർശചെയ്ത ഡൈക്കോഫോളും നിരോധിച്ചിട്ടുള്ള നീലലേബൽക്കൂട്ടത്തിലുണ്ടായിരുന്നു. ഡി. ഡി. ടിയുമായി ഘടനാപരമായ സാമ്യമുള്ള ഓർഗനോക്ലോറിൻ വിഭാഗത്തിലെ നാഡീവിഷമാണിത്. കേരളത്തിന്റെ പരിസ്ഥിതിവിവേകം ഒന്നുകൊണ്ടുമാത്രം തെങ്ങിൻ മണ്ടയിൽ നിന്നുള്ള ആ ഏരിയൽ സ്പ്രേയിങ്ങ്

**യന്ത്രങ്ങളും മനുഷ്യാധ്വാനവും കൊണ്ട് കളനിയന്ത്രണം സാധിക്കുമെങ്കിലും കച്ചവടക്കാർക്കും കർഷകനും കൃഷിവകുപ്പിനും റൗണ്ടപ്പ് ഏറ്റവും ഇഷ്ടപ്പെട്ട സസ്യമരുന്നാണ്. കറിയുപ്പുപോലെ ഉപയോഗിക്കാവുന്ന നിർവിഷം എന്ന അവകാശവാദത്തോടെ മോൺസാന്റോ വിഷം വിളമ്പൽ ഇനിയും തുടരും**

നടക്കാതെ പോയതുകൊണ്ടാണ് കേരളമൊട്ടാകെ കാസർഗോടൻ ദുരന്തം ആവർത്തിക്കാതിരുന്നത്.

കൃഷിവകുപ്പ് സെക്രട്ടറിയുടെ മെയ് 7 ന്റെ ഔദ്യോഗിക ഉത്തരവിൽ നിന്നും സെവീൻ, സെവിഡോൾ തുടങ്ങിയ കാർബാറിലുകളും ഡൈക്കോഫോളും പുറത്തുചാടിയിരിക്കുന്നു. സെൻട്രൽ ഇൻസെക്റ്റിസൈഡ് ബോർഡിന്റെ രജിസ്ട്രേഷൻ കൗൺസിൽ ആണ് വിഷത്തെ പന്തിതിരിക്കുന്നത്. ആഗോളതലത്തിൽ ചുവപ്പടയാളമിട്ടവയും ഇന്ത്യയിൽ ദ്രവ്യസാന്ദ്രത കുറച്ചും മറ്റും നീലയും പച്ചയുമായി വേഷം മാറിയെത്തുന്നുണ്ട് എന്നുവേണം കരുതാൻ. കാസർഗാഡ് ചുവപ്പ്-മഞ്ഞ അടയാളമുള്ള രാസവിഷങ്ങൾ നിരോധിച്ചുകൊണ്ട് 2010 ഡിസംബർ 2ന് ഉത്തരവിറങ്ങിയപ്പോഴേക്കും ആ സീസണിലെ പച്ചക്കറിക്കൃഷികൾക്കു നൽകാൻ ഇവ കൃഷിഭവനുകളിൽ സംഭരിച്ചുവെച്ചിരുന്നു. പലയിടത്തും പഴയതീയതിവെച്ച് ബില്ലെഴുതി പാടശേഖരസമിതികൺവീനർമാർ മുഖേന വിറ്റഴിക്കൽവില്പന നടത്തിയാണ് കടകാലിയാക്കിയത്.

ഇത്തരത്തിലുള്ള സുരക്ഷിതമായ ഒഴിവാക്കലുകൾ ആകരുത് ഇനി നാടെങ്ങും നിരോധിതകീടനാശിനികളെ സംബന്ധിച്ചുണ്ടാവേണ്ടത്. കൃഷിവകുപ്പിന്റെ പാക്കേജ് ഓഫ് പ്രാക്ടീസിൽ ഉൾപ്പെടുത്തിയവയേ തത്കാലത്തേക്കെങ്കിലും നിയന്ത്രിക്കാനാവൂ. പലതും ഇപ്പോഴും പരിധിക്കു പുറത്താണ്. കേരളത്തിന്റെതുപോലുള്ള ഒരു ജലപര്യാവരണജാലികയെ മുച്ചൂടും നശിപ്പിക്കുന്ന, കൃഷിയിടത്തിലെ മുഴുവൻ പച്ചപ്പിനെയും കളകളായി കരുതി ചുട്ടുകൊല്ലുന്ന, മത്സ്യങ്ങൾ,തവളകൾ തുടങ്ങി സസ്തനികൾ വരെയുള്ള ജന്തുജാലങ്ങൾക്ക് കുലാന്തകനായ ഗ്ലൈഫോസേറ്റ്, റൗണ്ടപ്പ് എന്ന കളനാശിനിയായി ഇപ്പോഴും വിലസുകയാണ്. യന്ത്രങ്ങളും മനുഷ്യാധ്വാനവും കൊണ്ട് കളനിയന്ത്രണം സാധിക്കുമെങ്കിലും കച്ചവടക്കർഷകനും കൃഷിവകുപ്പിനും റൗണ്ടപ്പ് ഏറ്റവും ഇഷ്ടപ്പെട്ട സസ്യമരുന്നാണ്. കറിയുപ്പുപോലെ ഉപയോഗിക്കാവുന്ന നിർവിഷം എന്ന അവകാശവാദത്തോടെ മോൺസാന്റോ വിഷം വിളമ്പൽ ഇനിയും തുടരും. വിഷങ്ങൾ മാത്രമല്ല വിഷക്കച്ചവടക്കാരും വേഷപ്രച്ഛന്നരായാണ് എത്തുന്നത്. പൂതനമാർക്കും ഇപ്പോൾ ലളിതവേഷമാണ്. ഇന്ത്യയിലെ കീടനാശിനി നിർമാതാക്കളുടെ അസോസിയേഷൻ ഇപ്പോൾ ക്രോപ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യ എന്നാണ് അറിയപ്പെടുന്നത്. എൻഡോസൾഫാൻ ഉല്പാദകരുടെ അന്താരാഷ്ട്രസംഘടന ഇന്റർനാഷണൽ സ്റ്റുവാർഡ്ഷിപ്പ് സെന്ററായി മാറി കീടനാശിനി നയങ്ങളുടെ നിയന്ത്രാക്കളായി പ്രത്യക്ഷപ്പെടുന്നു. കീടനാശിനിക്കമ്പനികൾ അന്താരാഷ്ട്ര വേദികളിൽ ഔദ്യോഗികവേഷത്തിൽ നുഴഞ്ഞുകയറുന്നു. വിഷവൃത്തത്തെ മാത്രമല്ല ഈ വിഷമവൃത്തത്തെയുമാണ് വിഷവിമുക്തലോകം സ്വപ്നം കാണുന്നവർ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നത്.

2011 മാർച്ച് 8ന് യുഎൻ ജനറൽ അസംബ്ലിയിൽ മനുഷ്യാവകാശ കൗൺസിൽ അവതരിപ്പിച്ച ഭക്ഷ്യാവകാശരേഖ പറയുന്നത് വരുന്ന പത്തുവർഷത്തിനിടയിൽ ജൈവകൃഷിയിലൂടെ ഭക്ഷ്യോല്പാദനം ഇരട്ടിയാക്കാമെന്നാണ്. അപകടരഹിതമെന്ന് നിർമ്മിതാക്കൾക്കുമാത്രം ഉറപ്പുനല്കാനാവുന്ന കീടനാശിനികളെ പകരം വെക്കാതെ തന്നെ ജൈവപ്രകൃതിയുടെ ഉല്പാദനക്ഷമതയെ മുഖവിലയ്ക്കെടുത്തുകൊണ്ടുള്ള ഒരു രീതിമാർഗം സ്വീകരിക്കുകമാത്രമാണ് ഇനിയങ്ങോട്ട് സുസ്ഥിരവും പ്രകൃതികാരുണ്യപരവുമായ ഒരു കാർഷികസംസ്ക്കാരത്തിനായി ചെയ്യാനുള്ളത്. വിഷലിപ്തമായിക്കഴിഞ്ഞ കാസർഗോഡിന്റെ മണ്ണിനെ വീണ്ടെടുക്കാൻ മാത്രമല്ല, കാസർഗോഡിൽ നിന്നും അധികമൊന്നും വ്യത്യാസമില്ലാതെ നഞ്ചിൽ മുങ്ങിക്കിടക്കുന്ന കേരളത്തെയൊട്ടാകെ വിഷവിമുക്തമാക്കാൻ ഇതുമാത്രമാണ് മാർഗം.